നമ്പർ. ഡിജിഇ/72133/2016/ ഡിപിഐ | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

തീയതി : 18/10/2016

## സർക്കുലർ

**വിഷയം :- പൊതുവിദ്യാഭ്യാസം - 2016-2017 അധ്യയന വർഷം ലോവർ പ്രൈമറി അധ്യാപകർക്ക് നൽകുന്ന ഐസിടി പരിശീലനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :- 1. കരിക്കുലം സബ്കമ്മിറ്റിയുടെ 2016 സെപ്തംബർ 22-ലെ യോഗത്തിന്റെ മിനിറ്റ്സ്

2. ക്യൂഐപി മോണിറ്ററിങ് കമ്മിറ്റിയുടെ 2016 ഒക്ടോബർ 6-ലെ യോഗത്തിന്റെ മിനിറ്റ്സ്

ഒന്ന് മുതൽ നാലുവരെ ക്ലാസുകളിൽ ഐസിടി പഠനം പുനരാരംഭിക്കുന്നതിനും പ്രത്യേക ഐസിടി പാഠപുസ്തകം 'കളിപ്പെട്ടി' നൽകുന്നതിനും സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ലോവർ പ്രൈമറി ക്ലാസുകളിൽ ഐസിടി പാഠപുസ്തക വിനിമയം ഫലപ്രദമായി നടക്കുന്നതിന് പരിഷ്കരിച്ച പാഠപുസ്തകത്തെ അധികരിച്ച് തയാറാക്കിയ പ്രത്യേക മൊഡ്യൂൾ ഉപയോഗിച്ചുള്ള അധ്യാപക പരിശീലനം ആവശ്യമാണ്. പ്രസ്തുത പരിശീലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ലോവർ പ്രൈമറി സ്കൂൾ അധ്യാപകർക്ക് 2016 ഒക്ടോബർ 24 മുതൽ രണ്ടു ദിവസത്തെ പ്രത്യേക ഐസിടി പരിശീലനം നൽകേണ്ടതാണ്. കമ്പ്യൂട്ടർ പരിശീലനം ലഭിച്ച/കമ്പ്യൂട്ടർ കൃത്യമായി ഉപയോഗിക്കാൻ കഴിയുന്ന അധ്യാപകർക്കാണ് ആദ്യഘട്ടമായി പരിശീലനം നൽകുന്നത്.

2. എൽ പി വിഭാഗം ക്ലാസ് കൈകാര്യം ചെയ്യുന്ന മുഴുവൻ അധ്യാപകരുടെയും പേരു വിവരം 2016 ഒക്ടോബർ 22-ന് മുമ്പ് ഐ.ടി@സ്കൂളിന്റെ വെബ്സൈറ്റിൽ (www.itschool.gov.in) നല്കിയിരിക്കുന്ന ഓൺലൈൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും ഐ.ടി@സ്കൂൾ ജില്ലാ ഓഫീസിൽ നിന്ന് ഷെഡ്യൂൾ ചെയ്യുന്ന ക്രമത്തിൽ അധ്യാപകരെ പരിശീലനത്തിൽ പങ്കെടുപ്പിക്കുവാൻ പ്രഥമാധ്യാപകർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3. കമ്പ്യൂട്ടർ പരിശീലനം ലഭിച്ച അധ്യാപകർ ആണ് എൽ.പി. ക്ലാസുകളിലും ഐ.സി.ടി. പാഠപുസ്തകം വിനിമയം ചെയ്യേണ്ടത്. പരിശീലനം ലഭിക്കാത്ത അധ്യാപകർക്ക് ഐ.ടി@സ്കൂൾ പ്രോജക്ട് പരിശീലനം ലഭ്യമാക്കേണ്ടതാണ്.

4. പരിഷ്കരിച്ച പ്രൈമറി ഐ.സി.ടി. പാഠപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള പരിശീലനം 2016 ഡിസംബർ 31-ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്. ഓരോ സ്കൂളിലെയും അധ്യാപകർക്ക് യഥാസമയം പരിശീലനം ലഭിച്ചുവെന്ന് അതത് സ്കൂൾ ഹെഡ്മാസ്റ്റർ ഉറപ്പുവരുത്തേണ്ടതാണ്.

5. ഐ.ടി@സ്കൂൾ പ്രോജക്ട് അംഗീകരിച്ച പരിശീലന മൊഡ്യൂളും പ്രത്യേകം തയ്യാറാക്കിയ ഓപ്പറേറ്റിംഗ് സിസ്റ്റവും അടിസ്ഥാനമാക്കിയാണ് പരിശീലനം നടത്തേണ്ടത്.

6. ഐടി@സ്കൂൾ പ്രോജക്ട് പ്രൈമറി ക്ലാസുകൾക്ക് വേണ്ടി പ്രത്യേകം തയാറാക്കിയ ഓപറേറ്റിങ് സിസ്റ്റം അടിസ്ഥാനമാക്കിയാവണം പരിശീലനം നടത്തേണ്ടത്.

7. ഐടി@സ്കൂൾ പ്രോജക്ടിലെ മാസ്റ്റർ ട്രെയ്നർമാരുടെ നേതൃത്വത്തിൽ അതത് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്. ഐ.ടി@സ്കൂളിന്റെ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ, ബി.ആർ.സികൾ, ASAP പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ SDC കമ്പ്യൂട്ടർ ലാബുകൾ, സ്കൂൾ കമ്പ്യൂട്ടർ ലാബുകൾ എന്നിവ പരിശീലനത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. പരിശീലനത്തിനാവശ്യമായ കമ്പ്യൂട്ടർ ലാബുകൾ ലഭ്യമല്ലെങ്കിൽ സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾ ശേഖരിച്ച് അനുയോജ്യമായ സ്കൂളുകളിൽ താൽക്കാലികമായി കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് പരിശീലനം നടത്തേണ്ടതാണ്.

8. ഒരു പരിശീലന കേന്ദ്രത്തിൽ കമ്പ്യൂട്ടറിന്റെ ലഭ്യതക്കനുസരിച്ച് 20 മുതൽ 30 വരെ അധ്യാപകരെ ഉൾപ്പെടുത്തി പരിശീലനം ക്രമീകരിക്കേണ്ടതാണ്. 15ൽ താഴെ അധ്യാപകർക്ക് ഒന്നും 15 മുതൽ 25 വരെ രണ്ടും 25ന് മുകളിൽ മൂന്നും എന്ന ക്രമത്തിൽ പരിശീലകരെ നിയോഗിക്കേണ്ടതാണ്.

9. ഐസിടി പാഠപുസ്തക പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിലുള്ള അടിസ്ഥാന ധാരണ ഉണ്ടായിരിക്കണം. ആദ്യ ഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം വേണ്ടത്രയില്ലാത്ത അധ്യാപകർ പങ്കെടുക്കേണ്ടതില്ല. ഒരോ വിദ്യാലയത്തിൽ നിന്നും ഒരാൾ വീതം പങ്കെടുക്കുന്ന വിധത്തിൽ പരിശീലനം ക്രമീകരിക്കേണ്ടതും തുടർന്ന് മുഴുവൻ അധ്യാപകരുടെയും പരിശീലനം പൂർത്തീകരിക്കേണ്ടതുമാണ്.

10. പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ, ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്റർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇവർ പരിശീലനകേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

11. പ്രൈമറി അധ്യാപക പരിശീലനത്തിന്റെ ഭാഗമായി തയാറാക്കിയ മൊഡ്യൂളിനെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിന്റെ (SRG) പരിശീലനം, ജില്ലാതല റിസോഴ്സ് ഗ്രൂപ്പിന്റെ പരിശീലനം എന്നിവ ഐടി@സ്കൂൾ പ്രോജക്ട് നടത്തേണ്ടതാണ്.

12. ജില്ലാതല റിസോഴ്സ് ഗ്രൂപ്പിൽ (DRG) ജില്ലയിലെ മാസ്റ്റർ ട്രെയ്നർമാർക്ക് പുറമെ ആവശ്യമെങ്കിൽ ഐ.സി.ടി പ്രാവീണ്യമുള്ള സർവശിക്ഷാ അഭിയാൻ ബി.ആർ.സി ട്രെയ്നർമാർ, സി.ആർ.സി കോർഡിനേറ്റർമാർ, പ്രൈമറി സ്കൂൾ അധ്യാപകർ തുടങ്ങിയവരെയും ഉൾപ്പെടുത്താവുന്നതാണ്.

13. പരിശീലനത്തിനെത്തുന്ന അധ്യാപകർക്ക് പ്രതിദിനം 125/-രൂപയും പരിശീലകർക്ക് 200/- രൂപയും ഓണറേറിയമായി നൽകേണ്ടതാണ്.

14. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരും പരിശീലകരും രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയുള്ള പരിശീലന സമയത്ത് പരിശീലന കേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

15. പരിശീലകർ പരിശീലനം ആരംഭിക്കുന്നതിന് അരമണിക്കൂർ മുമ്പ് പരിശീലന കേന്ദ്രത്തിൽ എത്തി ആവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതും പരിശീലനം അവസാനിച്ച് എല്ലാ പഠിതാക്കളും പോയ ശേഷം മാത്രം പരിശീലന കേന്ദ്രത്തിൽ നിന്നും പോകേണ്ടതുമാണ്.

16. അംഗീകൃത അൺഎയ്ഡഡ് സ്കൂളിലെ അധ്യാപകരെയും ഐ.സി.ടി പരിശീലനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഈ അധ്യാപകർക്ക് ഓണറേറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകേണ്ടതില്ല.

17. ജില്ലയിൽ നടക്കുന്ന ഏതു പരിശീലന പരിപാടിക്കും ഐ.ടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതും പരിശീലനത്തെ സംബന്ധിച്ച വിവരങ്ങൾ Training Management System-ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
എല്ലാ എൽ.പി/യു.പി/ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ്:

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്എസ്എ
ഡയറക്ടർ, ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ
സി.ഇ.ഒ, അസാപ്, കേരള
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും